പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2336

18.12.2012-ൽ മറുപടിക്ക്

## സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും വീട് നൽകുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ;<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി;<br>ശ്രീ. ആർ. സെൽവരാജ്;<br>ശ്രീ.ലൂഡി ലൂയിസ്; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും വീട് നൽകുക എന്നത് ലക്ഷ്യമാക്കിയുള്ള പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br>(ബി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) & (ബി) ഉണ്ട്. ദുർബല വിഭാഗക്കാർക്കിടയിലുള്ള ഭവന നിർമ്മാണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള രാജീവ് ആവാസ് യോജനയുടെയും മറ്റ് പുനരധിവാസ പദ്ധതികളുടെയും പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തികൊണ്ട് "എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട്" എന്ന സമഗ്ര ഭവന നിർമ്മാണ പുനരധിവാസ പദ്ധതിയ്ക്ക് രൂപം നൽകി വരുന്നു. |
| (സി) നിശ്ചിത ഭൂമി സ്വന്തമായുള്ള വീടില്ലാത്ത ദുർബല വിഭാഗക്കാർക്ക് വീട് നിർമ്മിക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ ദുർബലവിഭാഗക്കാർക്ക് വീട് നിർമ്മിക്കുവാനുള്ള നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ പരിശോധനയിലാണ്. |
| (ഡി) ഇവർക്ക് സബ്സിഡിയോടെ ഭവന വായ്പ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) ഉണ്ട്.<br>വിശദാംശങ്ങൾ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ